# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1606** — **31.01.2018 ൽ മറുപടിയ്ക്ക്**

## ഏത്തവാഴ കർഷകരെ സഹായിക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏത്തവാഴ കൃഷിയിൽ അൻപത് ശതമാനം വർദ്ധനവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

ബി) ആഭ്യന്തര ഉല്പാദനം കൂടിയത് കണ്ട് തമിഴ്നാട് ലോബികൾ ഇടപെട്ട് സംസ്ഥാനത്ത് നേന്ത്രക്കായുടെ വില അനിയന്ത്രിതമായി കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ഇപ്രകാരം വില കുറയുന്നതു കൊണ്ട് പ്രതിസന്ധിയിലായ ഏത്തവാഴ കർഷകരെ സഹായിക്കാൻ ഒരു പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

എ) & ബി) & സി)

സംസ്ഥാനത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏത്തവാഴ കൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തമിഴ്നാട് ലോബിയുടെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

2017-18 സാമ്പത്തിക വർഷം ഏത്തയ്ക്കയുടെ വിലയിൽ ഉൽപാദന സീസണിൽ വിലക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.നിലവിൽ ഇത്തരം സാഹചര്യങ്ങളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി വിപണി ഇടപെടലുകൾക്കായി സമിതികൾക്ക് ധനസഹായം ലഭ്യമാക്കാറുണ്ട്.കൂടാതെ റിസ്ക് ഫണ്ട് ട്രസ്റ്റ് മുഖേന സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന 30 ഇനം പഴം പച്ചക്കറികൾക്ക് റിസ്ക് ഫണ്ട് പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഓരോ വിളയ്ക്കും ഉല്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ തറ വില നിശ്ചയിക്കുന്നു.ഈ തറവിലയിൽ നിന്നും വില കുറഞ്ഞു പോകുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതാണ്.നിലവിൽ 40% കർഷക വിഹിതവും 60%ഗവൺമെന്റ് വിഹിതവുമായാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത്.

നേന്ത്രവാഴ കൃഷി ഉൾപ്പെടെ വാഴകൃഷി ചെയ്യുന്ന കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ

പദ്ധതിയിൽ ഉൾപ്പെടുത്തി വാഴകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറൊന്നിന് 26,250/- രൂപ ധനസഹായം നൽകുന്നുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.

സെക്ഷൻ ഓഫീസർ